**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3278** **08-10-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം ഹാർബർ മുതൽ മംഗലപുരം വരെയുള്ള ഔട്ടർ റിംഗ് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം ഹാർബർ മുതൽ മംഗലപുരം വരെ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ഔട്ടർ റിംഗ് റോഡിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | നാവായിക്കുളം-വിഴിഞ്ഞം ഔട്ടർ റിംഗ് റോഡിന്റെ വിശദമായ പദ്ധതി രേഖ ദേശീയപാത അതോറിറ്റി തയ്യാറാക്കിയത് PPPAC ( Public Private Partnership Appraisal Committee) യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സമീപകാലത്ത് മലപ്പുറം കാസർഗോഡ് ജില്ലകളിൽ ദേശീയപാതയിൽ ഉണ്ടായ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ High Cutting Area കളിൽ അപകട സാധ്യത ഉണ്ടോ എന്ന് കൂടി പരിശോധിച്ച് പദ്ധതി രേഖ പുനരവലോകനം ചെയ്യണമെന്ന് കേന്ദ്രഉപരിതല ഗതാഗത വകുപ്പ് NHAI യോട് നിർദ്ദേശിച്ചിരുന്നു. ഈ വിഷയത്തിൽ പരിശോധന നടത്താൻ തുരങ്കപാത നിർമ്മാണത്തിൽ വൈദഗ്ധ്യം നേടിയവരുടെ സമിതിയെ ദേശീയപാത അതോറിറ്റി നിയോഗിച്ചിട്ടുണ്ട്. 04.09.2025 ന് പ്രസ്തുത സമിതി സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. പദ്ധതിക്ക് അന്തിമ അനുമതി ലഭ്യമായ ശേഷം ഏറ്റെടുക്കുന്ന ഭൂമിക്ക് നിലവിലെ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച നിയമങ്ങളായ NH Act 1956, RFCTLARR Act 2013 എന്നിവ പ്രകാരം നഷ്ടപരിഹാരം കണക്കാക്കി നൽകുമെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കാനായി നോട്ടിഫൈ ചെയ്തിട്ടുള്ള സ്ഥലത്തിന്റെ ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (ബി) | എ പിരിവിന്റെ അതേ മറുപടി |
| (സി) | പ്രസ്തുത പദ്ധതി ആരംഭിച്ചതെന്നാണെന്നും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത് എപ്പോഴാണെന്നും സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ? | (സി) | എ പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ